# ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടി ക്രമം
## (ഹാജർ : ഡോ.ആർ.അജയകുമാർ വർമ്മ)

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് – ശുചിത്വമിഷൻ – 'സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതി' – വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തുന്നതിന് ഓഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം:- 10/04/2018 ലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ 4086/ബി/2017/എസ്.എം.** **തീയതി: 14/09/2018**

സംസ്ഥാനത്തെ തെരഞ്ഞെടുത്ത നഗരസഭകളിൽ നടപ്പിലാക്കി വരുന്ന ''സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്'' പദ്ധതി സംബന്ധിച്ച് വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആവശ്യമായ ഏകോപന പ്രവർത്തനങ്ങൾ നടത്തുന്നതിനും സംസ്ഥാന ശുചിത്വമിഷനിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തികൊണ്ട് സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ''സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്'' പദ്ധതി ജില്ലകളിലെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സൂചന ഉത്തരവ് ചുവടെ ചേർതിരിക്കുന്ന പട്ടിക പ്രകാരം ഭേദഗതി ചെയ്ത് ശുചിത്വമിഷനിലെ വിവിധ ഉദ്യോഗസ്ഥർക്ക് പേരിനൊപ്പം ചേർത്തിരിക്കുന്ന ജില്ലകളിൽ ചുമതല നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, ഔദ്യോഗിക മേൽവിലാസം | ചുമതലപ്പെടുത്തിയിരിക്കുന്ന ജില്ല / ജില്ലകൾ |
|---|---|---|
| 1. | ശ്രീ.ജോൺസൺ പ്രേംകുമാർ<br>പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്) | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട |
| 2. | ശ്രീ.ഷാജി ക്ലമന്റ്<br>പ്രോഗ്രാം ഓഫീസർ (മോണിറ്ററിംഗ്) | മലപ്പുറം, കോഴിക്കോട്, വയനാട് |
| 3. | ശ്രീ.വി.പ്രദീപ്കുമാർ<br>പ്രോഗ്രാം ഓഫീസർ (ആരോഗ്യം) | തൃശ്ശൂർ, പാലക്കാട്, ആലപ്പുഴ |
| 4. | ശ്രീ.പ്രേംജിത്ത്.പി<br>ഐ.ഇ.സി. എക്സ്പർട്ട് | എറണാകുളം |
| 5. | ശ്രീ.അമീർഷാ ആർ.എസ്.<br>പ്രോഗ്രാം ഓഫീസർ (സി.സി.ഡി.യു) | കണ്ണൂർ, കാസർകോഡ്, |
| 6. | ശ്രീ.എബ്രഹാം തോമസ് രഞ്ജിത്<br>പ്രോഗ്രാം ഓഫീസർ (ഐ.ഇ.സി) | കോട്ടയം, ഇടുക്കി |

മേൽ സൂചിപ്പിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്മാർ ബന്ധപ്പെട്ട ജില്ല / ജില്ലകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തേണ്ടതും എല്ലാ ബുധനാഴ്ചകളിലും രാവിലെ തൽസ്ഥിതി റിപ്പോർട്ട് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. ടി ഉദ്യോഗസ്ഥർമാർ അവരുടെ ഓഫീസ് പ്രവർത്തനങ്ങൾക്ക് തടസ്സം വരാതെ 'സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതിയുടെ പഞ്ചായത്ത് /മുൻസിപ്പാലിറ്റിതല പ്രവർത്തനങ്ങളുടെ മേൽ നോട്ടവും ഏകോപന ചുമതലയും നിർവ്വഹിക്കേണ്ടതാണ്.

ശ്രീ.ജോൺസൺ പ്രേംകുമാർ, ശ്രീ.പ്രേംജിത്ത്.പി, ശ്രീ.എബ്രഹാം തോമസ് രഞ്ജിത് എന്നീ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല ശ്രീ.കെ.രാജേന്ദ്രൻ, ഡയറക്ടർ (ഓപ്പറേഷൻസ്) നിർവ്വഹിക്കേണ്ടതാണ്. ശ്രീ.ഷാജി ക്ലമന്റ്, ശ്രീ.വി.പ്രദീപ്കുമാർ, ശ്രീ.അമീർഷാ ആർ.എസ്. എന്നീ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല ഡോ.പി.കെ.സനിൽകുമാർ ഡയറക്ടർ (കുടിവെള്ളം) നിർവ്വഹിക്കേണ്ടതാണ്.

2018 നവംബർ 1 ന് തിരഞ്ഞെടുക്കപ്പെട്ട നഗരസഭകൾ 'സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട്' എന്ന നിലയിൽ പ്രഖ്യാപിക്കുന്നതിനുള്ള സമയക്രമം തയ്യാറാക്കി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ ചാർജ് ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർമാർക്കും

പകർപ്പ്:

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
പ്രോഗ്രാം ഓഫീസർ (ഫിനാൻസ്)/ അക്കൗണ്ടന്റ്,
എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി.എ, ശുചിത്വമിഷൻ
ഓഫീസ്കോപ്പി/ കരുതൽ ഫയൽ